# പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 767 — 29/11/2018 ൽ മറുപടിക്ക്

### ശബരിമല അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമലയിൽ മണ്ഡല-മകരവിളക്ക് കാലത്തെ വർദ്ധിച്ച ജനപ്രവാഹം കണക്കിലെടുത്ത് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശബരിമല സന്നിധാനത്ത് മണ്ഡലമകരവിളക്ക് കാലത്തെ വർദ്ധിച്ച് വരുന്ന ജന പ്രവാഹം കണക്കിലെടുത്ത് വിരി, ടോയ് ലെറ്റ്, കുടിവെള്ളം, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഒരേസമയം 5000 പേർക്ക് വിരിവയ്ക്കുന്നതിനും 2500 പേർക്ക് അന്നദാനത്തിനും സൗകര്യമുണ്ട്. 540 മുറികൾ വാടകയ്ക്ക് നൽകുന്നതിന് തയ്യാറാക്കിയിട്ടുണ്ട്. 997 ടോയ് ലറ്റുകളും 100 കുളി മുറികളും സജ്ജമാക്കിയിട്ടുണ്ട്. 192 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള കുടിവെള്ള ടാങ്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. 284 ടാപ്പുകളും 40 ചുക്കുവെള്ള കൗണ്ടറുകളും 5 ആശുപത്രികളും സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | പ്രളയത്തിനുശേഷം പമ്പയിലേക്കും ശബരിമലയിലേക്കുമുള്ള പാതകൾ ഗതാഗതയോഗ്യമാക്കി തീർക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പ്രളയ തകർത്ത ത്രിവേണി പാലത്തിൽ അടിഞ്ഞുകൂടിയ മണലും തടികളും മാലിന്യങ്ങളും നീക്കം ചെയ്ത് പ്ലാപ്പള്ളി, നിലയ്ക്കൽ-പമ്പ റോഡ് പുന:സ്ഥാപിച്ച് ഗതാഗതയോഗ്യ മാക്കി.കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിനും പമ്പ ത്രിവേണിയ്ക്കും ഇടയിലുള്ള രണ്ട് സ്ഥലങ്ങളിലായി തകർന്ന റോഡ് മണ്ഡല കാലത്തിന് മുമ്പ് തന്നെ പൂർണ്ണമായി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. |
| (സി) | പമ്പയിൽ ഉണ്ടായിരുന്ന ടോയ് ലെറ്റുകൾ ഉൾപ്പെടെയുള്ള ശുചിത്വ സൗകര്യങ്ങൾ പ്രളയത്തിൽ തകർന്നത് പുന:സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | പ്രളയത്തിനുമുമ്പുണ്ടായിരുന്ന 390 ടോയ് ലെറ്റുകളിൽ 120 എണ്ണം പൂർണ്ണമായി നാമാവശേഷമായി. ബയോ ടോയ് ലെറ്റ് ആയും ബയോ യൂറിനൽ ആയും 380 എണ്ണം പുന സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിലയ്ക്കൽ ബേസ് ക്യാമ്പ് ആയി മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ നിലയ്ക്കലിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | പ്രളയത്തെ തുടർന്ന് നിലയ്ക്കൽ പുതിയ ബേസ് ക്യാമ്പായി തീരുമാനിച്ചിട്ടുണ്ട്. ഇതേ തുടർന്ന് നിലയ്ക്കലിൽ ചുവടെ പറയുന്ന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.<br>അയ്യപ്പന്മാർക്ക് വിരിവയ്ക്കുന്നതിന് പുതിയതായി 3 റസ്റ്റിംഗ് ഷെൽട്ടറുകളുടെ നിർമ്മാണം പൂർത്തീകരിച്ചു, കൂടാതെ 2 ഷെൽട്ടറുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. നിലവിൽ 9000 പേർക്ക് വിരിവയ്ക്കുന്നതിനുള്ള സൗകര്യമാണ് ഒരുക്കിയിരിക്കുന്നത്.<br>നിലയ്ക്കൽ പാർക്കിംഗ് ഗ്രൗണ്ടിൽ ആകെ 940 ടോയ് ലെറ്റുകൾ നിർമ്മിച്ചു.<br>കടിവെള്ള വിതരണത്തിനായി 25 ആർ.ഒ പ്ലാന്റുകളും 300 ആർ.ഒ കിയോസ്കുകളും സ്ഥാപിച്ചു.20,000 വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം, ഡിപ്പാർട്ട്മെന്റ് സ്റ്റാഫുകൾക്ക് താമസിക്കുവാൻ അധികമായി താൽക്കാലിക ഷെഡ്ഡുകൾ എന്നിവ നിർമ്മിച്ചു. |
| (ഇ) | നിലയ്ക്കലിലേക്ക് ആവശ്യമായ ജലം എത്തിക്കുന്നതിന് ഒരുക്കിയ ക്രമീകരണങ്ങൾ വ്യക്തമാക്കുമോ? | (ഇ) | വാട്ടർ സ്റ്റോറേജ് മുൻ വർഷത്തെ കപ്പാസിറ്റിയായ 50 ലക്ഷം ലിറ്ററിൽ നിന്നും 65 ലക്ഷം ലിറ്റർ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിലേയ്ക്കുള്ള വെള്ളം പമ്പ, സീതത്തോട് എന്നിവിടങ്ങളിൽ നിന്ന് ടാങ്കർ ലോറി വഴി എത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ